# പരിസ്ഥിതിയുടെ പരിമിതികൾ

CENTRE FOR FAITH AND DEMOCRACY
Chiyyaram, Thrissur - 26

Rs. 5.00

# പരിസ്ഥിതിയുടെ പരിമിതികൾ

പരിസ്ഥിതിയെ ഒരു ജൈവപ്രതിഭാസമായി കാണുകയും അതിന്റെ അസ്തിത്വത്തെ ഹനിക്കുന്ന ശക്തികൾക്കും നീക്കങ്ങൾക്കുമെതിരെ അഹോരാത്രം മുറവിളി കൂട്ടുകയും ചെയ്യുന്ന ഒരുപാടുപേരുണ്ട്. പ്രപഞ്ചത്തെ ദൈവമായി കാണുന്നവരുടെയും, അതിനെ ശത്രുവായി കാണുന്നവരുടെയും ഒരു സമൂഹത്തിലാണ് നാം ഇന്ന് അധിവസിക്കുന്നത്. ആധുനിക സാങ്കേതികവിദ്യയുടെ ധൃതഗതിയിലുള്ള വളർച്ചയാണ് ഇത്തരം രണ്ട് ഭിന്നനിലപാടുകൾ മനുഷ്യരിൽ സൃഷ്ടിക്കാൻ നിമിത്തമായത്. സാങ്കേതികവിജ്ഞാനത്തിന്റെ പ്രയോഗങ്ങളും ഉപയോഗങ്ങളും പ്രപഞ്ചത്തെ മനുഷ്യന്റെ പരമാവധി ഉപഭോഗത്തിന് പ്രയോജനപ്പെടുത്തിയതിന്റെ പ്രത്യക്ഷപ്രത്യാഘാതമാണ് ഓസ്സോൺപാളികളിലുണ്ടായ വിള്ളൽ. ഈ ദിശ ലക്ഷ്യമാക്കി എന്നിൽ ഉരുത്തിരിഞ്ഞ ഒരു ചിന്താസരണി നിങ്ങളുമായി പങ്കുവെക്കാൻ ശ്രമിക്കുകയാണിവിടെ.

നിലനിൽക്കുന്ന ഈ പ്രത്യക്ഷയാഥാർത്ഥ്യം കുറച്ചുപേരെയെങ്കിലും സാങ്കേതികവിദ്യയുടെ നിഷേധത്തിലേക്കും തുടർന്ന് പ്രപഞ്ചത്തിന്റെ പ്രകൃതിയ്ക്കനുസാരമുള്ള ഒരു ജീവിതശൈലി തിരഞ്ഞെടുക്കുന്നതിലേക്കും പ്രേരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പ്രകൃതിയുടെ താളത്തിന് അനുയോജ്യമായ ഒരു ജീവിതശൈലികൊണ്ടു മാത്രമെ നിലനിൽക്കുന്ന വികസനപ്രക്രിയയ്ക്ക് ഊടും പാവും നൽകാനും പ്രയോജനപ്രദമായ സന്ദർഭങ്ങൾ സൃഷ്ടിക്കാനും കഴിയൂ എന്ന് ഈ ചിന്താഗതിക്കാർ അഭിപ്രായപ്പെടുന്നു. തന്മൂലം പ്രകൃതിയ്ക്കൊത്തുള്ള സാമൂഹ്യജീവിതം — അഥവാ പ്രകൃതിജീവനം ആണ് ഈ പ്രസ്ഥാനക്കാർ ലക്ഷ്യം വെക്കുന്നത്.

പ്രകൃതിയുടെ താളക്രമത്തെ സമൂഹജീവിതത്തിന്റെ പ്രവർത്തനശൈലിയാക്കണം എന്ന ചിന്ത സ്വാഭാവികമായും ചില സന്ദേഹങ്ങൾ ഉയർത്തുന്നുണ്ട്. ഈ സംശയങ്ങളെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുകയും പ്രപഞ്ചവും മനുഷ്യനും തമ്മി

ലുള്ള ബന്ധങ്ങളിൽ അനിവാര്യമായ അനുരഞ്ജനത്തിൻെറ സര ളസാദ്ധ്യതകളിലേക്ക് വിരൽ ചൂണ്ടുകയും ചെയ്യുക എന്നതാണ് ഈ ലേഖനത്തിൻെറ ഉദ്ദേശ്യം.

## പ്രപഞ്ചപ്രകൃതിയും മനുഷ്യപ്രകൃതിയും

പ്രകൃതിജീവനം എന്ന തത്വം ഇരുപതാംനൂററാണ്ടിൻെറ സംഭാവനയാണെന്ന് ചിലർ വ്യാഖ്യാനിക്കുന്നുണ്ട്. അത് അത്രകണ്ട് ശരിയാണെന്ന് കരുതുക വയ്യ. ലോകാരംഭം മുതൽക്കേ കേട്ടുതഴമ്പിച്ച ഒരു ദർശനമാണ്–മുദ്രാവാക്യമാണ്–പ്രകൃതിയിലേയ്ക്കു മടങ്ങുകയെന്നത് (Return to the Nature). പ്രപഞ്ചത്തിൻെറ പ്രകൃതിയിൽനിന്നും സമൂഹജീവിതത്തിന് ആവശ്യമായ മൂല്യങ്ങൾ സ്വീകരിക്കുക എന്നത് വർത്തമാനകാലത്തും പ്രസക്തിയുള്ള പ്രത്യയശാസ്ത്രങ്ങളായ കാപ്പിററലിസത്തിൻെറയും, ശാസ്ത്രീയസോഷ്യലിസത്തിൻെറയും താത്വിക ആചാര്യന്മാരായ ആദാംസ്മിത്തിൻെറയും, കാറൽമാർക്സിൻെറയും തത്വചിന്തകളുടെ ധൈഷണികമായ അടിവേരുകളായിരുന്നു. 1

ഈ തത്വചിന്ത ഉണർത്തുന്ന പ്രഥമ സന്ദേഹം പ്രപഞ്ചത്തിൻെറ പ്രകൃതിയും മനുഷ്യൻെറ പ്രകൃതിയും ഏകമാണോ, അഥവാ രണ്ടും അഭിന്നമാണോ എന്നതാണ്. മനുഷ്യന് വ്യക്തി എന്ന നിലയിൽ തൻെറ സ്വന്തം ശരീരത്തിൻെറ പരിമിതികൾ അതിലംഘിക്കാനുള്ള അവകാശമുണ്ടോ? പ്രപഞ്ചത്തെ ആരാധിക്കണം എന്ന് ഉദ്ബോധിപ്പിക്കുന്ന പല തത്വചിന്തകരും മനുഷ്യൻ തൻെറ മോക്ഷപ്രാപ്തിക്കുവേണ്ടി തന്നിക്കു ഏററവും സമീപസ്ഥമായ തന്നോട് ഏററവും തൊട്ടടുത്തുനിൽക്കുന്ന പരിസ്ഥിതിയായ സ്വന്തം ശരീരത്തെ കീഴടക്കുവാൻ പഠിപ്പിക്കുന്നതെന്തുകൊണ്ട്? പ്രപഞ്ചത്തിൻെറ പ്രകൃതിയെ സമൂഹത്തിൻെറ മൂല്യസ്രോതസ്സായി ഗണിക്കണം എന്നു വാദിക്കുന്നവർ ഒന്നുകിൽ സ്വശരീരത്തിൻെറ പ്രവണതകളെ കീഴ്പ്പെടുത്തണം (Ascetic), അല്ലെങ്കിൽ ശരീരത്തിൻെറ പ്രവണതകളിൽ സ്വയമേവ ലയിച്ചുചേരണം, (Hedonistic) എന്നീ രണ്ടു നിലപാടുകളിൽ എത്തിച്ചേരുന്നതു് എന്തുകൊണ്ടു്? നിഷ്പക്ഷവും നിഷ്പക്ഷവുമായ വിലയിരുത്തലിന് വിധേയമാക്കേണ്ട വിഷയമാണിതു്. രാസവളവും കീടനാശിനികളും പാട

ണ്ടും പറമ്പിലും പ്രയോഗിച്ചാൽ പ്രപഞ്ചത്തിൻെറ സ്വാഭാവികതയെ അതു നശിപ്പിക്കും എന്നു് ഘോരഘോരം ബഹളം വയ്ക്കുന്നവർ മനുഷ്യൻ — ഭ്രൂണാവസ്ഥയിൽ വളരുന്ന പരിസ്ഥിതിയുടെ — അമ്മയുടെ ഗർഭപാത്രത്തിൽ വെച്ചുതന്നെ അണ്ഡത്തെ ഒരു കീടത്തെയെന്നപോലെ ഹിംസിക്കുന്നതു കാണുമ്പോഴം മൗനം ദീക്ഷിക്കുന്നതെന്തുകൊണ്ടു്? എന്താണതിൻെറ നൈതികത? ആത്മീയതയുടെ അനന്തസാദ്ധ്യതകളെ അവഹേളിക്കുകയും ഭൗതികതയുടെമാത്രം തിളക്കങ്ങളിൽ വിഭ്രമിക്കുകയും, ചെയ്യുന്നവരുടെ 'ധൈഷണിക പക്ഷപാത'ത്തെ ചോദ്യം ചെയ്യാതിരിക്കുന്നതു് പ്രകൃതിവിരുദ്ധമാവില്ലേ?

അടുത്ത സംശയം കുറേക്കൂടി യുക്ത്യധിഷ്ഠിതമാണു്. പ്രപഞ്ചത്തിലെ മനുഷ്യൻ ഒഴികെയുള്ള ജീവികൾക്കു് തെററല്ലാത്തതു് സമൂഹജീവിതത്തിൽ മനുഷ്യനു് തെററും അഹിതകരവുമാണെന്നു് നാം അഭിപ്രായപ്പെടുന്നുണ്ടല്ലോ? ചില ദൃഷ്ടാന്തങ്ങളിലൂടെ ഇതു് വിശദമാക്കാം.

(a) ഒരു തീററപ്പാത്രത്തിൽനിന്നു് ഏററവും ശക്തിയിലും വേഗത്തിലും ഭക്ഷിക്കുന്ന മൃഗം നമ്മുടെ ദൃഷ്ടിയിൽ നല്ല മൃഗമാണു്. (b) ഒരു കൂട്ടിൽനിന്നു് മററുള്ളവയെ നിഷ്ക്കരുണം ഇടിച്ചുതള്ളി ആദ്യം പുറത്തേക്കോടിയിറങ്ങുന്ന മൃഗമാണു് ഏററവും നല്ല മൃഗം. (c) ഏററവും അധികം ഇണകളുമായി (സ്ത്രൈണവിഭാഗവുമായി) ഇണചേരുന്ന മൃഗമാണു് ഏററവും നല്ല മൃഗം. (d) സ്വന്തം ജൈവശേഷിയും കരുത്തുമുപയോഗിച്ചു് താൻ ജന്മം നല്കിയ കുഞ്ഞിനെപ്പോലും ഭക്ഷിച്ചുകൊണ്ടു് സ്വന്തംനിലനില്പ്പ് ഭദ്രമാക്കുന്ന ചില മൃഗങ്ങളും നല്ലവയാണു്. (e) ഇണചേർന്നാൽ പിന്നെ കുഞ്ഞുങ്ങളെ വളർത്താനുള്ള ചുമതല സ്ത്രീയുടേതുമാത്രമാണെന്നു കരുതുന്ന മൃഗങ്ങളെ ചീത്തയെന്നു നാം കരുതുന്നില്ല.

ഇവിടെ പരാമർശിച്ച 'മൃഗമേന്മ'കളിൽ സ്വന്തമാക്കുന്ന (ഏതെങ്കിലും ഒന്നുപോലും) മനുഷ്യൻ സാമൂഹ്യവിരുദ്ധനായോ, സാമൂഹ്യജീവിതത്തിനു് അനഭിലഷണീയനായോ കരുതപ്പെടുന്നതു എന്തുകൊണ്ടാണു്? ഏതൊരു സംസ്കാരത്തിലും സ്വന്തം മാതാവുമായി ലൈംഗികബന്ധത്തിലേർപ്പെടുന്നതു് മഹാപാപമാണു്! എന്നാൽ മൃഗങ്ങളിൽ കണ്ടുവരുന്ന സ്വാഭാവികമായ

ലൈംഗിക അഭിവാഞ്ഛ സ്വന്തം ജനനീയുമായി ലൈംഗിക ബന്ധത്തിലേർപ്പെടുവാനും അവയെ പ്രേരിപ്പിക്കുന്നു. മററൊരു 'മൃഗീയവാസന'കൂടി പരിഗണിക്കുക. എല്ലാ മൃഗങ്ങളും തങ്ങൾക്കു വിശക്കുമ്പോൾ നിലവിളിക്കാറുണ്ട്. എന്നാൽ മററുള്ളവർക്കു വിശക്കുമ്പോൾ കരയാൻ മനുഷ്യനു മാത്രമേ കഴിയൂ.2 ഇതു വെളിപ്പെടുത്തുന്ന ഒരു സനാതനസത്യമുണ്ട്; മററുള്ള ജീവജാലങ്ങളിൽ നിന്നു വിഭിന്നനാണ് മനുഷ്യൻ എന്നതാണാ സത്യം! ഈ യാഥാർത്ഥ്യം മനസ്സിലാക്കാതെ പ്രപഞ്ചത്തിൻെറ പ്രകൃതിയ്ക്കനുസരിച്ചുവേണം മനുഷ്യൻ ജീവിക്കുവാൻ എന്നു ആഹ്വാനം ചെയ്യുമ്പോൾ "മൃഗങ്ങൾക്കു ശരിയായതാണ് മനുഷ്യരും ശരി" എന്ന തത്വം നാം സ്വീകരിക്കേണ്ടതായി വരും. അപ്പോൾ സമൂഹജീവിതത്തിൽ ഇന്നു് നാം അവലംബിക്കുന്ന പല ശരികളും തെററായിമാറും. തെററാണെന്നു് സമ്മതിക്കേണ്ടതായും വരും.

അതല്ലെങ്കിൽ പ്രപഞ്ചത്തിൻെറ പ്രകൃതിയാണു് മനുഷ്യൻെറ പ്രകൃതി എന്നുപറയാനാവില്ല. മനുഷ്യൻെറ പ്രകൃതിയും പ്രപഞ്ചത്തിൻെറ പ്രകൃതിയും തമ്മിൽ സാരമായ വ്യത്യാസമുണ്ടെന്നു് പറയേണ്ടിവരും. ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നതു പോലെ "പ്രപഞ്ചത്തിൻെറ പ്രകൃതിയല്ല മനുഷ്യൻെറ പ്രകൃതി; മനുഷ്യൻെറ പ്രകൃതി ദൈവത്തിൻെറ പ്രകൃതിയാണ്" ഈ വസ്തുത കൂടുതൽ അഭികാമ്യവും യാഥാർത്ഥ്യബോധത്തോടു വളരെ അടുത്തുനിൽക്കുന്നതുമാണ്. ഈ വസ്തുത ഇനിയുള്ള ലേഖനഭാഗത്തു നിന്നും സുവ്യക്തമായി ഗ്രഹിക്കാവുന്നതാണ്.

പ്രപഞ്ചപ്രകൃതിയുടെയും മനുഷ്യപ്രകൃതിയുടെയും അതിർരേഖകൾ ചരിത്രപരമായി അതിവിദഗ്ദ്ധമായും അനിയന്ത്രിതമായും ചൂഷണം ചെയ്യുന്നതു മുതലാളിത്ത സമ്പദ്‌വ്യവസ്ഥിതിയെ അടിസ്ഥാനപ്രമാണമായി സ്വീകരിച്ച രാഷ്ട്രങ്ങളിലാണ്. ഈ വ്യവസ്ഥിതിയുടെ ഉപജ്ഞാതാവായ ആദാംസ്മിത്തിൻെറ സ്വാർത്ഥസിദ്ധാന്തം പ്രകൃതിയുടെനിയമവും മനുഷ്യൻെറ നിയമവും തമ്മിലുള്ള ഐക്യത്തെ ദൃഢീകരിക്കുന്നതാണ്. പ്രപഞ്ചത്തിൻെറ താളത്തെക്കുറിച്ചുള്ള പഠനത്തിൽനിന്നാണല്ലോ Self interest is the best interest (സ്വന്തം താല്പര്യമാണ് ഏററവും മികച്ച താല്പര്യം) എന്നു സ്ഥാപിക്കാൻ ആ വ്യവസ്ഥിതിയുടെ പ്രചാരക

ക്ക സാധിച്ചതു്. എല്ലാം തനിക്കുവേണ്ടി, തൻകാര്യലാഭത്തിനുവേണ്ടി മാത്രം. "തൻകാര്യം പൊൻകാര്യം"- അതു നേടാൻ ഏതു കുമാർഗ്ഗവും അവലംബിക്കുന്നതിൽ ഒരപാകതയുമില്ല എന്ന വാദം 'മനുഷ്യത്വപരമാണോ? അതോ മനുഷ്യത്വവിരുദ്ധമാണോ? തൻകാര്യം പൊൻകാര്യം' എന്ന ഇന്ത്യൻ പശ്ചാത്തലത്തിലുള്ള തത്വവുമായി മുകളിൽ സൂചിപ്പിച്ച "സ്വാർത്ഥസിദ്ധാന്ത"ത്തിനു് എന്തു വ്യത്യാസമാണുള്ളതു്? പ്രപഞ്ചപ്രകൃതിയുടെ താളത്തിനനുസരിച്ചു് മൃഗങ്ങളുടെ ജാത്യാസ്വഭാവമായ 'തൻകാര്യം, വൻകാര്യം, പൊൻകാര്യം' എന്ന "മൃഗദർശന"ത്തിനനുസരിച്ചു മനുഷ്യൻ ജീവിച്ചതല്ലേ പ്രപഞ്ചം ഇത്രയധികം ചൂഷണം ചെയ്യപ്പെടാനുണ്ടായ മൂലകാരണം? മൃഗങ്ങളുടെ ജീവനതത്വം Self interest is the best-interest എന്നതിൽ തന്നെയാണു് അധിഷ്ഠിതമെന്നു് ചാറൻസ് ഡാർവിൻ തൻെറ പഠനപര്യടനത്തിൽ കണ്ടെത്തിയില്ലേ? Survival of the fittest എന്ന തത്വവും (അതിശേഷിയുള്ളതു് അതിജീവിക്കും) ഈ ദിശയിലേക്കുതന്നെ ചൂണ്ടുന്നു. പ്രപഞ്ചത്തിൽ മനുഷ്യനൊഴികെയുള്ള ജീവികളുടെ നിയമം മനുഷ്യൻ സ്വീകരിക്കാൻ തയ്യാറായതാണു് തീവ്രസംഘർഷങ്ങൾക്കും രൂക്ഷപ്രശ്നങ്ങൾക്കും നിദാനമായതു്. ഇക്കാര്യത്തിൽ തക്കമുണ്ടാകും എന്നു തോന്നുന്നില്ല. അതുകൊണ്ടു് യാഥാർത്ഥ്യബോധത്തോടെ നമുക്കെത്തിച്ചേരാൻ കഴിയുന്ന ഒരു നിഗമനമിതാണു്. പ്രപഞ്ചത്തിലെ മനുഷ്യനൊഴികെയുള്ള ചരാചരങ്ങളുടെയും വസ്തുക്കളുടെയും പക്ഷിമൃഗാദികളുടെയും ഇതര ജീവജാലങ്ങളുടെയും നിയമം അവയ്ക്കു ശരി; മനുഷ്യനു യോജ്യമായ നിയമങ്ങൾ മനുഷ്യനു ശരി;

ഇനി പരാമർശവിധേയമാകുന്ന വസ്തുത ആഗ്രഹങ്ങളെ അഭിലാഷങ്ങളെ സംബന്ധിച്ചുള്ളതാണു്. മനുഷ്യാഭിലാഷങ്ങൾ അപരിമിതമാണു്, പക്ഷിമൃഗാദികളുടേതോ പരിമിതവും. പരിമിതാഗ്രഹക്കാരായ ജന്തുക്കൾക്കു് തങ്ങൾക്കാവശ്യമായ പദാർത്ഥങ്ങളുടെ ഉപഭോഗലബ്ധിയിലൂടെ സംതൃപ്തി കൈവരുന്നു. എന്നാൽ മനുഷ്യൻെറ അവസ്ഥയോ? അപരിമിതാഭിലാഷങ്ങളുള്ള മനുഷ്യനു് പരിമിതമായ ഭൗതികവസ്തുക്കളുടെ—ഘടകങ്ങളുടെ—ഉപഭോഗംകൊണ്ടു് അന്തിമമായ സംതൃപ്തി സിദ്ധിക്കുമോ? ഇല്ലേയില്ല! അപരിമിതമായ മനുഷ്യതാല്പര്യങ്ങളെ സംതൃപ്തമാക്കാൻ അപരിമിതമായ മറെറാരു സത്തയ്ക്കു മാത്ര

മേ കഴിയൂ എന്ന കാര്യം നിസ്സന്ദേഹം തെളിയുന്നു. ഈ അന്വേഷണചിന്തയാണ് ദൈവാത്മാവിനെ അന്വേഷിക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നതും പ്രചോദിപ്പിക്കുന്നതും. പക്ഷെ മാർക്സിസംപോലുള്ള ഭൗതികമാത്ര മതങ്ങൾ (Secular Religions) തങ്ങളുടെ അനുയായികളെ പഠിപ്പിക്കുന്നതു് ഭൗതികമാത്രമായ ഈ പ്രപഞ്ചത്തിനു് മനുഷ്യന്റെ തൃഷ്ണയെ ശമിപ്പിക്കാനുള്ള ശേഷിയുണ്ടു് എന്നാണു്. മനുഷ്യന്റെ ഏതൊരാഗ്രഹത്തെയും തൃപ്തിപ്പെടുത്താൻ മാത്രം ഈ പ്രപഞ്ചം സ്വയംപര്യാപ്തമാണെന്ന (self-sufficient) വാദം മനുഷ്യനെ തന്റെ ആഗ്രഹസമ്പൂർത്തിക്കായി പ്രപഞ്ചവസ്തുക്കളെമാത്രം ആശ്രയിക്കാൻ പ്രേരിപ്പിക്കുന്ന ഭൗതികതയിൽ ഭ്രമിപ്പിച്ചു് 'ഇരുട്ടുകൊണ്ടു് ഓട്ട' അടയ്ക്കാനുള്ള ഒരു പാഴ്ശ്രമമാണിതെന്നു മനസ്സിലാക്കാൻ അഗാധബുദ്ധിയൊന്നും ചെലുത്തേണ്ടതില്ല അപരിമിതമായ ആഗ്രഹങ്ങളുടെ കുതിരയോട്ടത്തെ പരിമിതമായ ഭൗതികവസ്തുക്കളുടെ കടിഞ്ഞാൺകൊണ്ടു് നിയന്ത്രിക്കാമെന്ന നവോത്ഥാനകാലത്തെ അവബോധംതന്നെയാണു് ഇന്നു ലോകത്തെ ഗ്രസിച്ചിരിക്കുന്ന ഉപഭോഗസംസ്കാരം. ഈ പ്രപഞ്ചം അനാദിയും അനന്തവുമാണു് പ്രപഞ്ചത്തിനു് പരിധിയുമില്ല.3 മനുഷ്യന്റെ അനന്തമായ ആഗ്രഹങ്ങളെ സഫലീകരിക്കാൻ പര്യാപ്തമാണു് പ്രപഞ്ചമെന്ന 'മത'മാണു് പ്രപഞ്ചത്തെ സീമാതീതമായി ചൂഷണം ചെയ്യാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നതും പ്രബലനാക്കുന്നതും.

നാളെ നാം ഈ ഭൂമിയിൽനിന്നു് തിരോഭവിക്കും. അതുകൊണ്ടു് ഇന്നു് ആവോളം തിന്നുക, കുടിക്കുക, ആനന്ദിക്കുക എന്ന 'ഉല്ലാസത്തിന്റെ പ്രത്യയശാസ്ത്രം' മനുഷ്യനെ അന്യവൽക്കരിച്ചുകൊണ്ടിരിക്കുന്നു പ്രാചീന ഗ്രീക്കു തത്വചിന്തയിൽ ഈ ജീവിതദർശനത്തിനു് പ്രസക്തി കണ്ടെത്തിയ എപ്പിക്യൂറസും അദ്ദേഹത്തിന്റെ പുരോഗാമി ഡമോക്രീററസും പ്രപഞ്ചപ്രകൃതിയെ സമൂഹമൂല്യങ്ങളുടെ സ്രോതസ്സായി പരിഗണിച്ചവരാണു്.4

മുൻ ഖണ്ഡികകളിൽ ഉന്നീതമായ അനുമാനങ്ങളിൽ മുഖ്യമായി മൂന്നു് സംഗതികൾ പ്രസക്തമാണു്.

1. പ്രപഞ്ചത്തെ അനാദിയും അനന്തവുമായി നോക്കിക്കാണുന്നവരും, പ്രപഞ്ചതാളമാണു് മനുഷ്യസമൂഹം സ്വീകരി

ക്കേണ്ട നിയമസംഹിത എന്നു പഠിപ്പിക്കുന്നവരും തത്വത്തിൽ പ്രകൃതിയെ ചൂഷണം ചെയ്യുന്ന കാര്യത്തിൽ യോജിക്കുന്നുണ്ട്. അവർക്കിടയിലെ ഈ അഭിപ്രായഐക്യം ആക്കം വായിച്ചെടുക്കാവുന്നതാണ്.

2. പ്രപഞ്ചപ്രകൃതിയെ പരമതത്വമായി അഭിവീക്ഷിക്കുന്നവർ മനുഷ്യൻെറതന്നെ പ്രഥമ പരിസ്ഥിതിയായ ശരീരത്തിൻെറ നിയമങ്ങൾ നിസ്സങ്കോചം അതിലംഘിക്കുന്നതിനെക്കുറിച്ച് സൗകര്യപൂർവ്വം മൗനം ദീക്ഷിക്കുന്നു! അവരിൽപ്പലരും ഉരിഞ്ഞുകളയേണ്ട ഉടുപ്പുടവയായോ, കീഴടക്കി നിർത്തേണ്ട ഒരു യാഥാർത്ഥ്യമോ ഒക്കെ ആയാണ് മനുഷ്യശരീരത്തേയും അതിൻെറ പ്രവണതകളെയും വീക്ഷിക്കുന്നതു്.

3. പ്രപഞ്ചത്തിൻെറ പ്രകൃതിതന്നെയാണ് മനുഷ്യൻെറ പ്രകൃതിയും എന്നു വിവക്ഷിച്ചാൽ ഇന്നു നാം നന്മയെന്നു് നിർവ്വചിക്കുന്നവയെയെല്ലാം തിന്മയെന്നും തിന്മയെന്നു കാണുന്നവയെയെല്ലാം നന്മയെന്നും പുനർനിർവ്വചനം ചെയ്യേണ്ടിവരും.

ഇതു് എത്ര അപകടവും അയഥാർത്ഥവുമാണെന്നു് സാമാന്യബുദ്ധിക്കു് ഊഹിക്കാവുന്നതല്ലേയുള്ളൂ?

## ക്രിസ്തുദർശനവും പരിസ്ഥിതിബോധവും - ചില പഠനങ്ങൾ

നവോത്ഥാനകാലം മുതൽ ഇരുപതാംശതകത്തിൻെറ അന്തിമദശകങ്ങളിൽ സംഭവിച്ച സോഷ്യലിസ്റ്റ് ചേരിയുടെ താല്ക്കാലികപതനം വരെയുള്ള ദശാന്തരങ്ങളിൽ-ബുദ്ധിജീവികളും പുരോഗമനവാദികളും എന്നു സ്വയം അഭിമാനിക്കുന്നവർ ഉന്നയിച്ചിട്ടുള്ള ആരോപണമാണ്: മതങ്ങൾ, വിശേഷിച്ച് ക്രിസ്തുമതവും അതിലെ ഭൂരിപക്ഷവിഭാഗമായ കത്തോലിക്കാസഭയുമാണ് ശാസ്ത്രത്തിൻെറ വളർച്ചയെ തടഞ്ഞതെന്ന്. അങ്ങനെ ലോകത്തിൻെറ ഭൗതികപുരോഗതിക്കു് വിഘ്നം സൃഷ്ടിച്ചുവെന്നാണ്. കത്തോലിക്കാസഭയില്പ്പെട്ടതന്നെ മഹാ പുരോഗമനവാദികൾ "സഭ പുരോഗതിയുടെ വിലങ്ങുതടി" എന്ന പ്രബന്ധം അവതരിപ്പിക്കുന്നതിൽ മുൻപന്തിയിൽ നിലകൊണ്ടു എന്നും ചരിത്രത്താളുകളിൽ കാണാം.

പക്ഷെ ഇരുപതാംനൂററാണ്ടിൻെറ അന്ത്യഘട്ടത്തിൽ ഇത്തരം വാദഗതികൾക്ക ഒരു പുതിയ മാനം കൈവന്നു കഴിഞ്ഞിരിക്കുന്നു. സെമററിക്‌മതങ്ങളിൽ പ്രധാനപ്പെട്ടവയായി അറിയപ്പെടുന്ന ക്രൈസ്തവ-യഹൂദ-മുഹമ്മദീയ പാരമ്പര്യത്തിലെ 'പഴയനിയമ'ത്തിലെ ഉല്പത്തി പുസ്തകത്തിൽ "മനുഷ്യാ നീ പെററുപെരുകി ഈ ഭൂമിയെ കീഴടക്കുക" എന്ന പരമശക്തനായ ദൈവത്തിൻെറ ആഹ്വാനമാണ് ശാസ്ത്രത്തിൻെറ സന്തതിയായ സാങ്കേതികവിദ്യ വളർത്തിയെടുത്തു് പ്രപഞ്ചത്തെ കീഴടക്കാൻ മനുഷ്യനെ ഉത്തേജിപ്പിച്ചതത്രെ! ഇതത്രെ പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ തകരാൻ നിദാനമായതെന്നാണ് ആരോപണം. പക്ഷെ ലോകത്തിൻെറ ശത്രുവാകുന്നവനു മാത്രമേ ദൈവത്തിൻെറ മിത്രമാകാൻ കഴിയൂ എന്ന ഒരു ദാർശനികചിന്ത സെൻറ് പോളിൻെറ ദൈവവിജ്ഞാനീയത്തിൻെറ പരിണതഫലമായി ഉടലെടുത്തതെന്നു് പല പണ്ഡിതന്മാരും അഭിപ്രായപ്പെടുകയും ചെയ്യുന്നു!

കാലിഫോർണിയ സർവ്വകലാശാലയിലെ ചരിത്രാദ്ധ്യാപകനായ പ്രൊഫ. ലിൻവൈററിൻെറ ആരോപണങ്ങൾ ഇത്തരുണത്തിൽ ശ്രദ്ധാർഹമാണ്.5 ലോകം ദർശിച്ചിട്ടുള്ളതിൽ വെച്ച് ഏററവുമധികം മനുഷ്യകേന്ദ്രീകൃതമായ മതമാണ് ക്രിസ്തുമതമെന്നഭിപ്രായപ്പെടുന്ന ലിൻവൈററ് മററു സൃഷ്ടികളുടെമേൽ മനുഷ്യനുണ്ടെന്നു കരുതുന്ന അധീശത്വഭാവം ക്രിസ്തുമതത്തിൻെറ സംഭാവനയാണെന്നുകൂടി വിശ്വസിക്കുന്നു. തങ്ങളുടെ ഒരേയൊരു കർമ്മപരിപാടി ആത്മാക്കളുടെ രക്ഷ മാത്രമാണെന്ന് ക്രിസ്തുമതം ഉറപ്പിച്ചു പ്രഖ്യാപിക്കുന്നു എന്നു പറയുന്ന ചരിത്രപ്രൊഫസർ ഭൂമിയെ കീഴടക്കുന്ന ആജ്ഞയെ ആദർശമായി സ്വീകരിക്കുന്ന ചിന്താധാരയെ യാഥാസ്ഥിതിക ക്രൈസ്തവചിന്താശാഖയെന്നാണ് വിശേഷിപ്പിക്കുന്നതു്. 'ക്രിസ്തുമതം സർവ്വജീവത്വവാദ' pan-animism ത്തെ നിരാകരിച്ച്, നിർമ്മൂലനം ചെയ്തു് പ്രകൃതിയുടെ ചൈതന്യഭാവത്തെ അവമതിക്കുന്ന ഒരു സംസ്കാരത്തെ രൂപപ്പെടുത്തി എന്നൊക്കെ അദ്ദേഹം ആരോപിക്കുന്നു "ദൈവം, മനുഷ്യൻ. പ്രപഞ്ചം" എന്ന ശീർഷകത്തിൽ, വർഗ്ഗീകരണവും അതിൽനിന്നുടലെടുത്ത യുക്തിബോധവുമാണ് പ്രപഞ്ചത്തെ നാശോന്മുഖമാക്കിയതെന്ന് അദ്ദേഹം ശക്തമായി വാദിക്കുന്നു.

ഇത്തരം ആരോപണങ്ങളെ വസ്തുനിഷ്ഠമായി നേരിടാൻ ദൈവവും മനുഷ്യനും പ്രപഞ്ചവും ഏകവും അഭേദ്യവുമാണെന്ന ബോധംകൊണ്ടു കഴിയും എന്നാണ് ചില ക്രൈസ്തവ പണ്ഡിതന്മാരുടെ പക്ഷം. ബീഡ്ഗ്രിഫിത്തിനെപ്പോലുള്ളവരുടെ അഭിപ്രായം "ദൈവത്തിനു പുറമെ മറ്റൊന്നും നിലനില്ക്കുന്നില്ല" എന്നാണ്. "There is no being outside God" 6 പാപവും പുണ്യവും എന്ന വ്യത്യാസങ്ങൾ അറിവില്ലാത്തവൻെറ വെറും തോന്നലുകളായിട്ടാണദ്ദേഹം കരുതുന്നത്. "സ്രഷ്ടാവേ, നീ തന്നെ സൃഷ്ടി" എന്ന അദ്ദേഹത്തിൻെറ ചിന്തയുടെ ചുവടുപിടിച്ചുകൊണ്ടു "ദൈവം, പ്രപഞ്ചം. പ്രകൃതി എന്ന വർഗ്ഗീകരണത്തെ ഒഴിവാക്കി ഒരു പുതിയ മാനവികത സൃഷ്ടിക്കും" എന്ന ആചാര്യ ജോൺ സച്ചിദാനന്ദയെപ്പോലുള്ളവരുടെ അഭിപ്രായങ്ങൾ ആലോചനാവിഷയകമാക്കേണ്ടതാണ്. ഈ പുതിയ മാനവികത — Seeking a new style of life which will be in harmony with Nature and with the inner law of Nature" (7) പ്രകൃതിയുമായി അനുരഞ്ജനത്താൽ ഏർപ്പെടേണ്ടതിൻറ അനിവാര്യത പ്രകടമാക്കുന്നു. പ്രസ്തുത ലേഖനത്തിൻെറ മുഖവുരയിൽ പ്രപഞ്ചതാളം സമൂഹതാളവും കൂടി ആയിരിക്കേണ്ട ഒരു അവസ്ഥയായി ഉപദർശിക്കുന്നു. സ്വശരീരമാകുന്ന പരിസ്ഥിതിയെ കീഴടക്കാൻ ശ്രമിക്കണം എന്ന ആശയം ബീഡ്ഗ്രിഫിത്തിൻെറ ഗ്രന്ഥത്തിലുടനീളം നിറഞ്ഞുനിൽക്കുന്നതു കാണാം. A Sanyasi is one who renounces the world to seek God but this renunciation goes far beyond what is ordinarily understood by the world" (8).

ഇത്തരം ഉപരിചിന്തകർ അവരുടെ ജീവിതത്തിൻെറ സമ്പൂർണ്ണത ദർശിക്കുന്നതും ജന്മസാഫല്യം അടയുന്നതും പ്രവർത്തിക്കാൻ ഒന്നും ഇല്ലാതിരിക്കുന്ന അവസ്ഥയിലാണ്. അകർമ്മണ്യതയെന്ന തത്വം ഒന്നും ചെയ്യാതിരിക്കുമ്പോഴാണ് എല്ലാം ചെയ്തുകൊണ്ടിരിക്കുന്നത്" എന്ന ചൈനീസ് ദർശനത്തിൻെറ പ്രാക്രൂപമോ, വർത്തമാനകാലരൂപഭേദമോ ഏതു വേണമെങ്കിലുമാവാം. ഈ കർമ്മരാഹിത്യസിദ്ധാന്തം കൂടുതൽ അഭികാമ്യവും അഭിലഷണീയവുമായി തോന്നുന്നതിൻെറ ദാർശനികാധാരം എന്താണാവോ? "Let us open our leaves like a flower' said Keats and be 'passive and receptive'. These

words inspired me at the very beginning of my Journey, but it is only now that I realise their full significance" (9)

പ്രപഞ്ചത്തെ ദൈവമായി കാണുന്നവർ ലോകത്തെ ദേഷിക്കുന്നതും അവസാനം അകർമ്മണ്യതതന്നെ സകർമ്മണ്യത (പ്രവൃത്തിയില്ലായ്മതന്നെയാണു പ്രവൃത്തി) - അഥവാ കർമ്മനിരതത്വം എന്ന സിദ്ധാന്തത്തിലേക്കു് എത്തിച്ചേരുന്നതും കണ്ടുകൊണ്ടായിരിക്കാം പലചിന്തകരും മതനിഷേധകരായി മാറിയതും മതം മനുഷ്യനെ passive ആക്കി മാററും എന്നു് അഭിപ്രായപ്പെട്ടതും.

മററു ചില ദൈവശാസ്ത്രപണ്ഡിതന്മാർ ദൈവം മനുഷ്യനെ സ്വന്തം ഛായയിൽ സൃഷ്ടിച്ചു എന്നതിനുപകരം ദൈവം പ്രപഞ്ചത്തെ സ്വന്തം ഛായയിൽ സൃഷ്ടിച്ചു എന്നതാകും ശരി എന്നു് അഭിപ്രായപ്പെടുന്നു. മനുഷ്യന്റെയും പ്രപഞ്ചത്തിന്റെയും പ്രകൃതി രണ്ടാണെന്ന വാദം സെന്റ് തോമസ് അകിനാസിനു് സംഭവിച്ച പ്രമാദമായും ഇക്കൂട്ടർ കണക്കാക്കുന്നു. (10)

പ്രോസസ് തിയോളജിയുടെ വക്താവായ വൈററ്ഹെഡ് അപൂർണ്ണനായ ദൈവം പൂർണ്ണനാകാൻവേണ്ടി സൃഷ്ടിച്ചതാണു് പ്രപഞ്ചം എന്നാണു് അഭിപ്രായപ്പെടുന്നതു്. ദൈവത്തിന്റെ പൂർണ്ണതക്കു്വേണ്ടിയുള്ള ഭാഗമാണ് രക്ഷാകരസംഭവത്തിന്റെ കാതൽ എന്നും അദ്ദേഹം തുടർന്നു് അഭിപ്രായപ്പെടുന്നുണ്ടു്. മനുഷ്യൻ ഉണ്ടാകേണ്ടതു് ദൈവത്തിന്റെ പൂർണ്ണതയുടെയും ദൈവമുണ്ടാകേണ്ടതു് മനുഷ്യന്റെ നിലനില്പിന്റെയും അനിവാര്യപ്രശ്നമാണെന്നു് മനസ്സിലാക്കിയാൽ പ്രപഞ്ചത്തെ കൂടാതെ ദൈവത്തിനു പൂർണ്ണതയില്ലാതെ വരുന്നു. അതുകൊണ്ടു് ദൈവത്തെ ഈ രീതിയിൽകൂടി വീക്ഷിക്കുന്ന മനുഷ്യൻ പ്രപഞ്ചത്തെ കീഴടക്കാൻ ശ്രമിക്കുകയില്ല എന്നാണു് ഇവർ അഭിപ്രായപ്പെടുന്നതു്. (11)

പ്രപഞ്ചം വേണമോ വേണ്ടയോ എന്നു തീരുമാനിക്കാനുള്ള ദൈവത്തിന്റെ സിദ്ധിയെ ഈ വീക്ഷണം നിഷേധിക്കുന്നു. ഈ ചിന്താഗതിയിൽ ദൈവത്തിനോ, മനുഷ്യനോ, ആത്യന്തികമായി Will എന്നൊന്നില്ലെങ്കിൽപ്പിന്നെ എവിടെ സ്വാതന്ത്ര്യം എന്നു് ഇവരോടാരാഞ്ഞാൽ "സ്വാതന്ത്ര്യം എന്ന

ത്ത് തീരുമാനം എടുക്കാനുള്ള കഴിവല്ല" മറിച്ച് സാഹചര്യത്തിന് അനുസരിച്ച് മാറാനും പെരുമാറാനുമൊക്കെയുള്ള കഴിവാണെന്നും ഇവർ അഭിപ്രായപ്പെട്ടു കളയും.

## മനുഷ്യനും പരിസ്ഥിതിയും - കത്തോലിക്കാ സഭയുടെ ദർശനം

മുകളിൽ പറഞ്ഞ പണ്ഡിതോചിതമായ വ്യാഖ്യാനങ്ങൾക്ക് വിരുദ്ധമായ ഒരു കാഴ്ചപ്പാടാണ് കത്തോലിക്കാ സഭയുടെ സാർവ്വത്രിക വേദോപദേശപുസ്തകം നമുക്ക് പ്രദാനം ചെയ്യുന്നത്.

പ്രസ്തുത വേദബോധനഗ്രന്ഥം സമാരംഭിക്കുന്നത് ദൈവവും മനുഷ്യനും പ്രപഞ്ചവും തമ്മിൽ വ്യക്തമായവിധം വേർതിരിച്ചുകൊണ്ടുതന്നെയാണ്. മനുഷ്യനൊഴികെയുള്ള ബുദ്ധിരഹിതമായ സത്തയെ പരിപാലിക്കുന്ന രീതിയിലല്ല ദൈവം മനുഷ്യനെ പരിപാലിച്ചുപോന്നത് ബുദ്ധിഹീനമായ സത്തകളെ ദൈവം പുറത്തുനിന്നു് പരിപാലിക്കുമ്പോൾ ബുദ്ധിപൂർവ്വ സത്തയായ മനുഷ്യനെ അകത്തു ബുദ്ധിയിലൂടെ പരിപാലിക്കുന്നു (12)

മനുഷ്യനെ ദൈവം ഇതര സൃഷ്ടികളേക്കാൾ കൂടുതൽ മേന്മയോടെ കരുതുന്നു എന്ന വാദം സെൻറ് പോളിൻെറയോ, സെൻറ് തോമസ് അക്വിനാസിൻെറയോ പുതിയ കണ്ടുപിടുത്തമൊന്നുമല്ല. യേശുതന്നെ ഇപ്രകാരം പറയുന്നു: ആകാശത്തിലെ പറവകളെ നോക്കുക. അവ വിതയ്ക്കുന്നില്ല; കൊയ്യുന്നില്ല; കളപ്പുരയിൽ ശേഖരിക്കുന്നുമില്ല സ്വർഗ്ഗീയപിതാവ് അവയെ തീററിപ്പോറുന്നു അവയേക്കാളെത്രയോ മേന്മ നിങ്ങൾക്കില്ലേ? മത്തായി (6:26)

പ്രപഞ്ചത്തിൽ മനുഷ്യനൊഴികെയുള്ള പക്ഷിമൃഗാദികളിൽനിന്നും ജീവജാലങ്ങളിൽനിന്നും വ്യത്യസ്തമായ ഒരു പെരുമാററശൈലിയാണ് യേശു മനുഷ്യനു നിർദ്ദേശിക്കുന്നത്. പ്രപഞ്ചത്തിലെ ഓരോ ജീവിയും സ്വന്തം നിലനില്പ് ഭദ്രമാക്കാനാണ് ഉദ്യമിക്കുന്നത്. സ്വന്തം ജീവൻ സംരക്ഷിക്കാനുള്ള വ്യഗ്രതയിൽ അവ ചിലപ്പോൾ കുഞ്ഞുങ്ങളെത്തന്നെ കൊന്നുതിന്നുവെന്നു വരും. കുഞ്ഞുങ്ങൾ അമ്മമാരെയും ഭക്ഷിച്ചുകളഞ്ഞേക്കും.

മൃഗങ്ങളിൽ കണ്ടുവരുന്ന ഇത്തരം സ്വഭാവത്തിൽനിന്നു് തികച്ചും ഭിന്നമായിരിക്കണം മനുഷ്യൻെറ സ്വഭാവമെന്നു് ക്രിസ്തുമതം ഉദ്ബോധിപ്പിക്കുന്നു. "തന്നത്താൻ ജീവൻ നിലനിർത്താൻ പരിശ്രമിക്കുന്നവൻ അതു നശിപ്പിക്കുന്നു. എന്നാൽ ദൈവരാജ്യത്തിനുവേണ്ടി സ്വന്തജീവൻ നശിപ്പിക്കുന്നവൻ അതു നേടിയെടുക്കുകയും ചെയ്യുന്നു". "നിങ്ങൾ ലോകത്തിലാണെങ്കിലും ലോകത്തിൻേറതല്ല, നിങ്ങൾ ഈ ലോകത്തിനു അനുരൂപരാകരുതു" തുടങ്ങിയ ആഹ്വാനങ്ങൾ ബൈബിളിൽ നാം കാണുന്നില്ലേ? ഈ ആഹ്വാനങ്ങൾ എന്താണു് ഉദ്ബോധിപ്പിക്കുന്നതു്?

മനുഷ്യനും മനുഷ്യരല്ലാത്ത മററു ജീവജാലങ്ങളും തമ്മിലുള്ള ഈ വൈരുദ്ധ്യം-വൈജാത്യം-ഭൗതികശാസ്ത്രദൃഷ്ട്യാ വിശദീകരിക്കുക ബുദ്ധിമുട്ടാണു്. ആയിരിക്കുന്ന അവസ്ഥതന്നെയാണു് യാഥാർത്ഥ്യമെങ്കിൽ പ്രപഞ്ചത്തിലെ മനുഷ്യജീവനും മനുഷ്യേതരജീവനും ഒന്നുതന്നെയാണെങ്കിൽ 'സ്വന്തം നിലനില്പ്' എന്നതുതന്നെയാവണം മൂല്യബോധത്തിൻെറ ആധാരശിലയായി കരുതപ്പെടേണ്ടതു്! ഇത്തരം ഒരു ഭൗതികവിജ്ഞാനത്തിൻെറ ഹ്രസ്വദൃഷ്ടിയിൽ "സ്വന്തം ജീവൻ രക്ഷിക്കാൻ ശ്രമിക്കുന്നവൻ അതു നശിപ്പിക്കുന്നു" എന്ന അറിവു ദോഷത്തംതന്നെയാണു്.

## ശരീരം-മനുഷ്യന് ഏററവും സമീപസ്ഥമായ പരിസ്ഥിതി-

ദൈവം-മനുഷ്യൻ-പ്രപഞ്ചം എന്നീ രീതിയിലുള്ള ഒരു വർഗ്ഗീകരണവും, മനുഷ്യൻ പ്രപഞ്ചത്തിലെ മററു സത്തകളേക്കാൾ വ്യത്യസ്തനും സവിശേഷതകളുള്ളവനുമാണെന്ന ദൃഢബോധ്യവും മനുഷ്യനും പ്രപഞ്ചവും തമ്മിൽ പരസ്പരശത്രുതയിലേക്കു് നയിക്കുന്നുണ്ടോ എന്നും പരിശോധിക്കേണ്ടതുണ്ടു്. മനുഷ്യനു് ഈ ലോകത്തിലുള്ള ദൗത്യത്തെക്കുറിച്ചുള്ള ഉത്തമബോധ്യത്തിലൂടെയേ ഈ ദിശയിലൂടെയുള്ള അന്വേഷണം സാർത്ഥകമാകൂ. ക്രൈസ്തവപണ്ഡിതന്മാർ ഈ 'മാനവദൗത്യ'ത്തെ സൃഷ്ടികർമ്മത്തിലുള്ള പങ്കാളിത്തം എന്നു വിശേഷിപ്പിച്ചു് വ്യാഖ്യാനിക്കുന്നു. ബൈബിളിൻെറ സമഗ്രപഠനത്തിൽനിന്നു് മൂന്നുവിധ

ത്തിലാണ് മനുഷ്യൻ സൃഷ്ടികർമ്മത്തിൽ പങ്കാളിയാകുന്നതെന്ന് വെളിപ്പെടുന്നു. വേല ചെയ്യുന്നതുവഴി പ്രപഞ്ചത്തെ പുനർസൃഷ്ടിക്കുക; സന്താനോല്പാദനത്തിലൂടെ മനുഷ്യനെത്തന്നെ പുനർസൃഷ്ടിക്കുക; ഭൗതികദേഹത്തിലെ ആത്മാവിനെത്തന്നെ ഫലപ്രദമായി പ്രയോജനപ്പെടുത്തി ദൈവാത്മാവുമായി നിരന്തരസമ്പർക്കംവഴി ഭൗതികശരീരത്തെ ആത്മീയശരീരമായി പരിവർത്തിപ്പെടുത്തുക എന്നീ മാർഗ്ഗങ്ങളിലൂടെ മനുഷ്യന് സൃഷ്ടികർമ്മത്തിൽ പങ്കാളിയാവാൻ സാധിക്കുന്നു. ഒടുവിൽ പറഞ്ഞ മനുഷ്യദൗത്യത്തെക്കുറിച്ചുള്ള പരാമർശം പഴയ നിയമഗ്രന്ഥത്തിൽ വിരളമാണ്. ആദ്യത്തെ രണ്ടു ലക്ഷ്യങ്ങളുടെയും ആത്യന്തികലക്ഷ്യം മൂന്നാമത്തേതാണെന്ന് Teilhard Chardin സിദ്ധാന്തിക്കുന്നു. സെൻറ് പോളിൻെറ വിവരണം ശ്രദ്ധിക്കുക: ''ഞങ്ങളിലെ ബാഹ്യ മനുഷ്യൻ ക്ഷയിച്ചുപോകുന്നുവെങ്കിലും ആന്തരിക മനുഷ്യൻ അനുദിനം നവീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.'' ''ഇപ്പോഴം ധരിച്ചിരിക്കുന്നത് ഉരിഞ്ഞുകളയാനല്ല സ്വർഗ്ഗീയമായത് ധരിക്കാനും അങ്ങനെ നശ്വരമായതിനെ ജീവനിൽ ലയിപ്പിക്കാനുമാണ് ഈ കൂടാരത്തിലിരിക്കെ ഞങ്ങൾ നെടുവീർപ്പിടുന്നത്''. ''നമ്മളാകട്ടെ സ്വർഗ്ഗത്തിലെ പൗരന്മാരാണ്. അവിടെനിന്നു വരുവാൻ കർത്താവായ യേശുക്രിസ്തുവിനെ നാം കാത്തിരിക്കുന്നു. എല്ലാം തനിക്കു വിധേയമാക്കുന്ന തൻെറ ശക്തി പ്രയോഗിച്ച് അവൻ നമ്മുടെ നിസ്സാരമായ ശരീരത്തെ രൂപാന്തരപ്പെടുത്തി അവൻെറ മഹത്വപൂർണ്ണമായ ശരീരത്തിനു് തുല്യമാക്കും.

ഈ ദർശനമനുസരിച്ച് ആയിരിക്കുന്ന അവസ്ഥയിൽ ആത്മാവും ശരീരവും തമ്മിൽ ഒരു Dichotomy (ദ്വന്ദസ്വഭാവം) നിലനിൽക്കുന്നുവെങ്കിലും ആകാനിരിക്കുന്ന അവസ്ഥയിൽ ആത്മാവും ശരീരവും തമ്മിൽ ആത്മീയം ഭൗതികം എന്ന ദ്വൈതസ്വഭാവം മനുഷ്യനിൽ നിലനിൽക്കുന്നില്ല. 13

## ശരീരത്തോടുള്ള ശത്രുതയും - പ്രപഞ്ചത്തിൻെറ നാശവും

പ്രപഞ്ചത്തെ ദൈവമായി പൂജിക്കുന്ന മതപാരമ്പര്യങ്ങളിൽ ശരീരത്തെ ആത്മാവിൻെറ വസ്ത്രമായി (ദേഹം ദേഹിയു

ടെ അംബരം എന്ന സിദ്ധാന്തം) കാണുന്ന പ്രവണത ദൃശ്യമാണ്. തന്മൂലം ശരീരത്തിന്റെ പ്രവണതകളെ അധീനപ്പെടുത്തുമ്പോൾ മാത്രമേ യഥാർത്ഥ സ്വാതന്ത്ര്യം– വിമോചനം കൈവരൂ എന്നു് ഇവരിൽ ഭൂരിഭാഗവും വിശ്വസിക്കുന്നു. ശരീരത്തെ പവിത്രമായി ഗണിക്കുന്നുവെങ്കിൽ പിന്നെ അതിന്റെ പ്രവണതകളെ കീഴ്പ്പെടുത്തണം എന്നു ശഠിക്കുന്നതെന്തിന്? മനുഷ്യന്റെ ആന്തരികസത്തയിൽ നിലനില്ക്കുന്ന ഈ വൈരുദ്ധ്യമാകാം മനുഷ്യനും അവന്റെ സാഹചര്യവും തമ്മിലുള്ള സംഘഷത്തിനു നിമിത്തം. ഈദൃശചിന്തയുടെ സ്വാഭാവികനിഗമനമാണ് ശരീരത്തിന്റെ പ്രവർത്തനങ്ങൾ ആത്മാവിന്റെ ഗതിവിഗതികളെ ബാധിക്കുന്നില്ല എന്നതു് മറ്റൊരുവനെ കൊല്ലുമ്പോൾ കൊലപാതകി വധിക്കപ്പെടുന്നവന്റെ ആത്മാവിനെ സ്പർശിക്കുന്നില്ല; ശരീരത്തെ മാത്രമേ സ്പർശിക്കുന്നുള്ളൂ. ഇതുകൊണ്ടുമാത്രമായിരിക്കണം പ്രപഞ്ചത്തെ ദൈവമായി കണ്ട് ആരാധിക്കുന്നവർ പ്രപഞ്ചത്തിലെ ജീവജാലങ്ങൾക്കുപോലും എന്തെങ്കിലും ഒരപകടം പിണയുമ്പോൾ വലിയവായിൽ നിലവിളിക്കുന്നതും നിഷ്കരുണം രാസവസ്തുക്കൾ ഉപയോഗിച്ച് ഒരു കീടത്തെയെന്നപോലെ ഭ്രൂണം ഹിംസ ചെയ്യപ്പെടുന്നതു് കാണുമ്പോൾ മൗനത്തിന്റെ മറയിലൊളിച്ച് നിസ്സംഗത പാലിക്കുന്നതും.

ആത്മീയവാദികളിൽ അല്പംപേർ ശരീരത്തെ നിഷേധിക്കണം എന്നു് ഉദ്ബോധിപ്പിക്കുമ്പോൾ ഭൗതികവാദികളിൽ ചിലർ മനുഷ്യൻ സ്വന്തം ശരീരത്തിന്റെ പരിമിതികളെ അതിജീവിക്കുമ്പോഴാണ് യഥാർത്ഥ സ്വാതന്ത്ര്യം ആർജ്ജിക്കുന്നതു് എന്നു് അഭിപ്രായപ്പെടുന്നു. ഇക്കൂട്ടരെ സംബന്ധിച്ചിടത്തോളം മനുഷ്യൻ അതിജീവിക്കുന്ന– അതിജീവിക്കേണ്ട– ഒരു ജീവിയാണ്. ഈ ആശയതലത്തിലും ഒരു വ്യക്തിയും ആ വ്യക്തിയുടെ ശരീരവും തമ്മിലുള്ള ഒരു ദ്വന്ദാത്മകതയും സംഘട്ടനവും നമുക്കു ദർശിക്കാൻ കഴിയുന്നു. സ്വന്തം ശരീരത്തിന്റെ പരിമിതികളെ ലംഘിക്കാൻ മനുഷ്യനു സ്വാതന്ത്ര്യമുണ്ടെങ്കിൽ എന്തുകൊണ്ടവനു് പ്രപഞ്ചത്തിന്റെ പരിമിതികളെ ലംഘിച്ചുകൂടാ എന്ന ഒരു ചോദ്യമുണ്ടു്. ഇവരിൽ ചിലരുടെ വീക്ഷണത്തിൽ സ്വന്തം ശരീരത്തെ സ്വയം മനുഷ്യനു് കൊല്ലാൻ കഴിയുമ്പോഴാണു് (ആത്മഹത്യ) അവനു് സ്വന്തം ശരീരത്തിന്മേലുള്ള തന്റെ അധീ

ശത്വം പൂർണ്ണമായി പ്രയോഗിക്കാൻ കഴിയുന്നതു്. ആത്മഹത്യ എന്നാൽ സ്വന്തം വ്യക്തിസ്വാതന്ത്ര്യ പ്രകടനത്തിന്റെ ഏറ്റവും ഉന്നതവും ഉദാത്തവുമായ രൂപം! എങ്ങനെയിരിക്കുന്നു ഈ ചിന്താപദ്ധതിയുടെ പ്രായോഗികക്ഷമത !

ശരീരത്തെ കീഴ്പ്പെടുത്തുന്നതിനോ ശരീരത്തിൽനിന്നും ഒളിച്ചോടിപ്പോകാനോ, ശരീരത്തെ ഉടുവസ്ത്രംപോലെ ഉരിഞ്ഞെറിഞ്ഞു കളയാനോ, ശരീരത്തിന്റെ നൈസർഗ്ഗിക പ്രവണതകളിൽ മുഴുകി ഒഴുകാനോ അല്ല മനുഷ്യൻ ജീവിക്കേണ്ടതു്. പ്രത്യുത മനുഷ്യശരീരത്തെ രൂപാന്തരപ്പെടുത്താനാണു്. അതാണു് സെൻറ്പോൾ ആഹ്വാനം ചെയ്യുന്നതു്. ദൈവമക്കളുടെ വെളിപ്പെടുത്തലിനായി സൃഷ്ടപ്രപഞ്ചം ഒന്നടങ്കം കാത്തിരിക്കുകയാണു്. ശരീരത്തോടുകൂടിയ ഉയിർത്തെഴുന്നേല്പിൽ ഞങ്ങൾ വിശ്വസിക്കുന്നു എന്ന ക്രിസ്ത്യാനികളുടെ വിശ്വാസത്തിനു് ഈ വിശകലനവുമായി ബന്ധമുണ്ടോ എന്നു പരിശോധിക്കേണ്ടതാണു്.

ആത്മാവും ശരീരവും തമ്മിൽ, അല്ലെങ്കിൽ വ്യക്തിയും ശരീരവും തമ്മിൽ നടക്കുന്ന ഈ സംഘട്ടനം അവസാനിക്കുമ്പോൾ മനുഷ്യൻ തന്റെ ശരീരത്തിനു മുകളിൽ പുലർത്തുന്ന അധീശത്വഭാവം അവസാനിക്കും. ഇനി മുതൽ ശരീരം കീഴടക്കാനുള്ളതല്ല പ്രത്യുത ഉദാത്തമായ പരമലക്ഷ്യത്തിലേക്കു് രൂപാന്തരം ചെയ്യാനുള്ളതാണു് എന്ന നിശ്ചയദാർഢ്യം മനുഷ്യനിലുളവാകും. ഇത്തരം പവിത്രമായ രൂപാന്തരീകരണം നടന്ന ഏക വ്യക്തിത്വത്തിന്റെ ഉടമയായി യേശുവിനെയാണു് സെൻറ്പോൾ ദർശിക്കുന്നതു്. അതുകൊണ്ടായിരിക്കണമല്ലോ "ഭൂമിയിലും സ്വർഗ്ഗത്തിലുമുള്ള എല്ലാം അവനിലൂടെ ദൈവവുമായി രമ്യപ്പെട്ടു" (കൊളോ 1:18) എന്നദ്ദേഹം അഭിപ്രായപ്പെട്ടതു്. ദൈവത്തിന്റെ മിത്രമാകാൻവേണ്ടി പ്രപഞ്ചത്തിന്റെ ശത്രുവായി മാറണമെന്നല്ല സെൻറ്പോൾ ഉദ്ബോധിപ്പിക്കുന്നതു്. പ്രത്യുത പ്രപഞ്ചത്തെ മൂല്യബോധത്തിന്റെ സ്രോതസ്സായി ഗണിക്കരുതു് എന്നാണു്. "ഭൗമികമായി നിങ്ങളിൽ ഉള്ളവയെല്ലാം നശിപ്പിച്ചു കളയുക. അവിഹിതവേഴ്ച; അശുദ്ധി, കാമം, ദുരാശ, വിഗ്രഹാരാധനതന്നെയായ അത്യാഗ്രഹം, കോപം, ക്രോധം, ദ്വേഷം, പരദൂഷണം, നിങ്ങളുടെ വായിൽ

നിന്നു പുറപ്പെടുന്ന ചീത്ത വാക്കുകൾ'' (കൊളോ 3:5-10). ഈ അഭിപ്രായത്തെ പ്രപഞ്ചത്തോടുള്ള ശത്രുതയായി കണക്കാക്കുന്നതിൽ ഭിന്നാഭിപ്രായമുണ്ട്.

## ദൈവവിശ്വാസവും – പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയും

യഹൂദ-ക്രിസ്തീയ-ഇസ്ലാമിക പാരമ്പര്യങ്ങളിൽ പാപം എന്നതിന്റെ ലളിതനിർവ്വചനം'', ഇതിനോ ആദമേ നിന്നെ ഞാൻ തോട്ടത്തിലാക്കി തോട്ടം സൂക്ഷിപ്പാനോ കായ്കനികൾ ഭക്ഷിപ്പാനോ?'' എന്ന പ്രസിദ്ധമായ നാട്ടിൻപാട്ടിലെ ചോദ്യത്തിൽ അടങ്ങിയിരിക്കുന്നു. മനുഷ്യൻ ഈ പ്രപഞ്ചത്തിന്റെ ഉടയവനോ, അതോ കാര്യസ്ഥനോ? കാര്യസ്ഥനായ മനുഷ്യൻ സ്വയം ഉടമയായി ഭാവിക്കുന്നുവെന്നതാണ് പാപമായി ചിലർ വ്യാഖ്യാനിക്കുന്നത്. മനുഷ്യൻ ദൈവത്തെ നിഷേധിച്ചുകൊണ്ട് തന്റെ ഏകതയും പൂർണ്ണതയും തന്നിൽത്തന്നെ എന്നഹങ്കരിച്ചുകൊണ്ട് ''ഞാൻതന്നെ ദൈവം'' എന്നു പ്രഖ്യാപിച്ചതാണ് പാപം എന്നു പൊതുവായി പറയാം. ഈ ധിക്കാരപ്രഖ്യാപനപ്രകാരം മനുഷ്യൻ താനാണ് പ്രപഞ്ചത്തിന്റെ നാഥൻ എന്നു സ്വയം ഭാവിക്കുകയാണ്. മനുഷ്യന്റെ ഈ ധിക്കാരം അംഗീകരിക്കാൻ പ്രപഞ്ചത്തിനു ഒരിക്കലും സാദ്ധ്യമല്ലെന്നതു് അവിതർക്കിതമാണ്. കാരണം തന്റെ യജമാനൻ ദൈവമാണ്, മനുഷ്യനല്ല എന്നു പ്രപഞ്ചം സ്വയം അനുഭവിച്ചറിയുന്നു.

പ്രപഞ്ചവും മനുഷ്യനും ദൈവവുമായുള്ള ബന്ധം വീട്ടുടമസ്ഥനും സ്നേഹിതനും, നായയും തമ്മിലുള്ള ബന്ധത്തിനു സദൃശമാണെന്നാണ് ഒരിക്കൽ ഒരദ്ധ്യാപകൻ അഭിപ്രായപ്പെട്ടതു്. ഈ താരതമ്യം രസാവഹമാണ് വീട്ടുടമസ്ഥൻ തന്നോടൊപ്പമുള്ളപ്പോൾ നായ സ്നേഹവായ്പോടെ യജമാനന്റെ സ്നേഹിതന്റെ കാൽനക്കി സ്നേഹം പ്രകടിപ്പിക്കുമായിരുന്നു. വീട്ടുടമസ്ഥന്റെ അസാന്നിദ്ധ്യത്തിൽ വീട്ടിൽ കയറിവന്ന സ്നേഹിതനെ അതേ നായതന്നെ കടിച്ചു മുറിവേൽപ്പിച്ചു. വളരെ സംഗതമാണീ ദൃഷ്ടാന്തം.

സാക്ഷാൽ യജമാനന്റെ– ദൈവത്തിന്റെ മുദ്ദുമകളിൽ കയറിയിരുന്നു് 'യജമാനത്വം' ഭാവിക്കുന്ന മനുഷ്യന്റെ മുമ്പി

ലേക്ക് പ്രപഞ്ചം കല്ലും മുള്ളും കരിങ്കൽച്ചീളുകളും ഭൂകമ്പങ്ങളും വിനാശകരങ്ങളായ ദുരന്തങ്ങളും വച്ചുനീട്ടാൻ തുടങ്ങി.

അതുകൊണ്ടാണ് ആദിപാപത്തിനുശേഷം പ്രപഞ്ചവും മനുഷ്യനും തമ്മിൽ വൈരം ഉടലെടുത്തു തുടങ്ങി എന്നും അതിപ്പോഴും അഭംഗുരം തുടരുകയാണെന്നും ചിലർ പഠിപ്പിക്കുന്നത്. "മനുഷ്യൻ സകല സൃഷ്ടിജാലങ്ങളുടെയും അധിനാഥനായ ദൈവത്തെ അംഗീകരിക്കാതിരിക്കുകയും അവിടുത്തെ നിയമത്തിന് അധീനനാകാതിരിക്കുകയും ചെയ്യുമ്പോൾ പ്രകൃതി അവനെ ചെറുക്കുകയും ഒരിക്കലും അവനെ തൻെറ 'യജമാന'നായി അംഗീകരിക്കാതിരിക്കുകയും ചെയ്യുന്നു. ഇതിൻെറ പ്രത്യക്ഷകാരണം മനുഷ്യൻ തന്നിലുള്ള ദൈവിക സാദൃശ്യത്തെയും സത്തയേയും സ്വയം നാഥനാവാനുള്ള ദുരഭിവാഞ്ഛ വഴി മലിനപ്പെടുത്തി എന്നതുതന്നെ സൃഷ്ടവസ്തുക്കളുടെമേൽ അയാൾക്കുള്ള ഉടമസ്ഥതയ്ക്കും ഉപയോഗത്തിനുമുള്ള അവകാശം ഇപ്പോഴും സാധുതയുള്ളതാണ്. എന്നാൽ മനുഷ്യപാപാനന്തരം അതിൻെറ നിർവ്വഹണം ബുദ്ധിമുട്ടേറിയതും ക്ലേശഭരിതവുമായിത്തീർന്നു." 14

മററൊരു മുഖ്യചർച്ചാവിഷയം മനുഷ്യനും സാഹചര്യവും തമ്മിലുള്ള ബന്ധത്തെ ആസ്പദമാക്കിയുള്ളതാണ്. മനുഷ്യൻ സാഹചര്യങ്ങളുടെ അടിമയാണോ, അവൻെറ ബോധാവബോധങ്ങൾ സാഹചര്യങ്ങളാൽ നിർണ്ണയിക്കപ്പെടുന്നവയാണോ തുടങ്ങിയ ചോദ്യങ്ങൾ അപ്പോൾ ചിന്തനീയങ്ങളായി വരുന്നു. പാപാനന്തരമനുഷ്യൻെറ ജീവിതത്തെക്കുറിച്ചു പഠിച്ചാൽ ഇതു് കുറേക്കൂടി വ്യക്തമാകും. മനുഷ്യബോധം സാഹചര്യത്തിൽ നിർണ്ണയിക്കപ്പെടുന്നു എന്ന വസ്തുത അപ്പോൾ അർത്ഥപൂർണ്ണമാകും. വിശദമായ അപഗ്രഥനത്തിൽനിന്നു് ഉണ്മ തെളിഞ്ഞുവരുന്നതിങ്ങനെയാണ്, മനുഷ്യൻ ആയിരിക്കേണ്ട അവസ്ഥയിൽ ദൈവപരായ സംവഹിക്കുന്നവനാണ്. അതിനാൽ സാഹചര്യത്തിന് മനുഷ്യനെ കീഴടക്കാൻ കഴിയുന്നില്ല. പ്രപഞ്ചവും അവനെ കീഴടക്കുന്നില്ല. സാഹചര്യവും മനുഷ്യനും തമ്മിൽ വൈരമോ കലഹമോ ഇല്ല; മനുഷ്യനും പ്രപഞ്ചവും തമ്മിലും ശത്രുതയില്ല.

സ്വരച്ചേർച്ചയുടെയും ഇണക്കത്തിൻേറതുമായ ചിന്താരീതിയിൽ ആത്മാവും അതു നിലനിൽക്കുന്ന സാഹചര്യമായ

ദേഹവും തമ്മിൽ ശത്രുതയില്ല. ഈയൊരു വിശുദ്ധ പശ്ചാത്തലത്തിലാണ് ആത്മാവ് ദൈവാത്മാവുമായി അനവരതം ബന്ധപ്പെട്ടുകൊണ്ട് ഭൗതികശരീരത്തെ ആത്മീയശരീരമായി രൂപാന്തരപ്പെടുത്തുന്ന രൂപാന്തരീകരണപ്രക്രിയയെക്കുറിച്ച് നാം ഗഹനമായി ആലോചിക്കേണ്ടിവരുന്നത്. അഥവാ ധൈഷണികതയ്ക്കപ്പുറം മനനം ചെയ്യേണ്ടി വരുന്നത്. ആയിരിക്കേണ്ട അവസ്ഥയിൽ ആത്മാവും ശരീരവും തമ്മിൽ ഭേദം ഇല്ലാത്തതുകൊണ്ടായിരിക്കണം ശരീരത്തിന്റെ പരിമിതികളെ ഉല്ലംഘിക്കാതെ വേണം മനുഷ്യൻ സ്വാതന്ത്ര്യവും ലക്ഷ്യങ്ങളും നേടിയെടുക്കാനെന്ന് ആഗോള കത്തോലിക്കാ സഭ നിസ്സംശയം ഉദ്ബോധിപ്പിക്കുന്നത്. 15 ആകാനിരിക്കുന്ന അവസ്ഥയിലാണ് സഭ ഇപ്പോഴത്തന്നെ മനുഷ്യനെ കാണുന്നത്. അതുകൊണ്ട് ഒരു മനുഷ്യനെ കൊല്ലുമ്പോൾ ഒരു ശരീരത്തെയല്ല കൊല്ലുന്നത് മറിച്ച് ഒരു വ്യക്തിയെയാണ് ഉന്മൂലനം ചെയ്യുന്നത് എന്നാണ്. അതുകൊണ്ടുതന്നെയാണ് കത്തോലിക്കാസഭ അണ്ഡത്തേയും ബീജത്തേയും ഭ്രൂണത്തേയും ഒരു കീടത്തെയെന്നപോലെ രാസവസ്തു ഉപയോഗിച്ച് കൊല്ലുമ്പോൾ നിശിതമായി ശക്തിയുക്തം എതിർക്കാൻതന്നെ തയ്യാറാവുന്നത്.

## പ്രപഞ്ചവും മനുഷ്യനും തമ്മിലുള്ള അനുരഞ്ജനം

ദൈവനിരാസത്തിലൂടെ മനുഷ്യൻ സ്വയം ദൈവമായി ചമഞ്ഞതുമൂലമാണ് ശരീരം, സാഹചര്യം, പ്രപഞ്ചം എന്നീ മൂന്നു ഘടകങ്ങളും മനുഷ്യനും തമ്മിലുള്ള സംഘട്ടനം ആരംഭിച്ചതുതന്നെ. ഇതിനുപോൽബലകമായി എത്രയോ ഉദാഹരണങ്ങൾ ഉദ്ധരിക്കാം. മനുഷ്യൻ സ്വയം ദൈവമാണെന്നവകാശപ്പെടുന്നതാണ് പ്രപഞ്ചത്തിലെ ഏറ്റവും കല്ലുവെച്ച നുണ ! ഇതിൽപ്പരം ഒരസത്യം ഭൂമുഖത്ത് ചൂണ്ടിക്കാട്ടാനില്ല എന്നർത്ഥം. താൻ ദൈവമല്ല എന്ന അറിവും വിശ്വാസവും സിദ്ധാന്തപ്രയോഗങ്ങളുമുള്ള മനുഷ്യനെ കണ്ടാൽ ശരീരവും സാഹചര്യവും പ്രപഞ്ചവും യഥാർഹം ഇണക്കവും പൊരുത്തവുമുള്ള സഹവർത്തികളായി മാറും; സംശയിക്കുകയേ വേണ്ട !

യഹൂദ–ക്രൈസ്തവ–മുഹമ്മദീയ പാരമ്പര്യങ്ങളിൽ മനുഷ്യൻ ഒരുതവണപോലും പ്രപഞ്ചശക്തികളെ സ്തുതിക്കുന്നതു കാണാൻ കഴിയുകയില്ല. പക്ഷെ സൃഷ്ടികളോട് ദൈവത്തെ സ്തുതിക്കാൻ ആവശ്യപ്പെടുമ്പോൾ പ്രപഞ്ചം മനുഷ്യൻെറ ദാസനായി മാറുന്നതാണ് നാം കാണുക. മോസ്സസ് കരങ്ങളും ഹൃദയവും ഉയർത്തി സർവ്വശക്തനോട് പ്രാർത്ഥിച്ചപ്പോൾ കടൽ വഴി മാറിയൊഴുകിയതും, ദാനിയേൽ കരളുരുകി ഹൃദയനാഥനെ വാഴ്ത്തി സ്തുതിച്ചപ്പോൾ അഗ്നിവഴി മാറിപ്പോയതും, യേശുനാഥൻ ശാസിച്ചപ്പോൾ കോപിച്ചുനിന്ന കടൽ ശാന്തമായി മാറിയതും, സെൻറ് പോളിൻെറ കൈകളിൽനിന്നും അണലിപ്പാമ്പ് താഴെവീണതും, അസ്സീസിയിലെ സെൻറ് ഫ്രാൻസീസ് പറവകളുമൊത്തു പ്രപഞ്ചസ്രഷ്ടാവിനെ വാനോളം പാടിപ്പുകഴ്ത്തിയതുമൊക്കെ ഈയൊരു പശ്ചാത്തലത്തിൽവേണം ഉപദർശിക്കാൻ.

പ്രബുദ്ധമാനസനായ മനുഷ്യനു് താൻ സൃഷ്ടാവല്ല; സൃഷ്ടിയാണ് എന്ന ഉള്ളറിവ് സ്വയം ഉണ്ടാകുമ്പോൾ മാത്രമേ ദൈവച്ഛായ അവനിൽ പ്രതിഫലിക്കുകയുള്ളൂ. താൻ പ്രപഞ്ചത്തിൻെറ ഉടമസ്ഥനല്ല; സൂക്ഷിപ്പുകാരൻ മാത്രമാണ് എന്ന ഉണ്മ സ്വയമറിഞ്ഞ് ആ രീതിയിൽ പെരുമാറുന്ന ഒരു മനുഷ്യനെ കാണുമ്പോൾ പ്രപഞ്ചത്തിനു് എന്തൊരു സന്തോഷമാണ് ! ഇത്തരം ഒരു ദർശനത്തിൻെറ സമ്പൂർണ്ണതയാണ് സെൻറ് പോൾ യേശുവിൽ ദർശിക്കുന്നത്. യേശുവാണ് പരിപൂർണ്ണ മനുഷ്യൻ; സമഗ്രാർത്ഥത്തിൽ ഈ യഥാർത്ഥ മനുഷ്യൻ പരിപൂർണ്ണമായി സൃഷ്ടിബോധത്തിലാണ് ജീവിക്കുന്നത്. തൻെറത്തന്നെ പരിപൂർണ്ണതക്കുവേണ്ടി ദൈവത്തെ അംഗീകരിക്കുന്ന ഈ മനുഷ്യനെ കണ്ടപ്പോൾ യജമാനനല്ല കാര്യസ്ഥനാണ് എന്നു ധരിക്കുന്ന, അതനുസരിച്ച് പെരുമാറുന്ന ഒരു മനുഷ്യനെയാണ് പ്രപഞ്ചം നേരിൽ കണ്ടതു്. ഈ മനുഷ്യനിലൂടെയാണ് പ്രപഞ്ചം സർവ്വാധിനാഥനായ ദൈവവുമായി അനുരഞ്ജനം പ്രാപിക്കുന്നതു്. കാലത്തിൻെറ തികവിൽ പ്രപഞ്ചം സർവ്വേശ്വരനുമായി യേശുക്രിസ്തുവിലൂടെ സംയോജിതമായി എന്നാണ് സെൻറ് പോളിൻെറ ഭാഷ്യം.

'താൻ തന്നെ ദൈവം' എന്ന ഭാവവും ബോധ്യവും വടിച്ച് ദൂരെയെറിഞ്ഞ് മനുഷ്യൻ ദൈവത്തെ സർവ്വാത്മനാ അംഗീക

രിക്കുമ്പോൾ 'ഉടമസ്ഥനായ' മനുഷ്യൻ കാര്യസ്ഥനാത്മായി പരിണമിക്കുന്ന രൂപംപ്രാപിക്കുന്നു. ഈ മാററത്തിലൂടെ ആത്മാവിൻെറ ഉറവയായ ദൈവവുമായി മനുഷ്യൻ ബന്ധപ്പെട്ടുക വഴി ആത്മീയ മനുഷ്യനായി രൂപാന്തരപ്പെട്ടുമ്പോൾ ആത്മാവ്, ശരീരം എന്നിങ്ങനെയുള്ള വൈരുദ്ധ്യാത്മകത അവസാനിക്കുകയും സാഹചര്യം മനുഷ്യനെ കീഴടക്കുന്ന അവസ്ഥ ഒഴിവാക്കപ്പെടുകയും ചെയ്യുന്നു. തൽഫലമായി പ്രപഞ്ചവും മനുഷ്യനും തമ്മിലുള്ള സംഘട്ടനം അസ്തമിക്കുകയും ചെയ്യും.

## ഉപസംഹാരം

മനുഷ്യൻ തൻെറ ജീവിതത്തിനു ആവശ്യമായ മൂല്യങ്ങളുടെ സ്രോതസ്സായി ദൈവത്തെയാണോ, പ്രപഞ്ചത്തെയാണോ പരിഗണിക്കേണ്ടതു്? വളരെ അർത്ഥവത്തായ ഇക്കാര്യമാണ് യഹൂദ-ക്രൈസ്തവ-ഇസ്ലാമിക മതപാരമ്പര്യങ്ങളിലെ പ്രധാന പ്രമേയം. പ്രപഞ്ചത്തെക്കാളുപരി മനുഷ്യൻ, മനുഷ്യനേക്കാൾ ഉപരി ദൈവം എന്ന ത്രിതല പരസ്പരബന്ധിയായ സിദ്ധാന്തമാണ് പരിസ്ഥിതിയുടെ പരിമിതികൾ ലംഘിക്കുന്നതിന് മനുഷ്യനെ പ്രചോദിപ്പിക്കുന്നതെന്ന വാദം പ്രബലമായ ഒന്നാണ്. അതുകൊണ്ട് പ്രപഞ്ചത്തിനെ മനുഷ്യൻ രക്ഷകനും നാഥനും ജീവൻെറ സ്രോതസ്സുമായി കണ്ട് ജീവിതം രൂപംകൊള്ളുമ്പോൾ പരിസ്ഥിതിയുടെ അസന്തുലിതാവസ്ഥ എന്ന പ്രശ്നമേ ഇല്ലാതാകും എന്നാണിവർ സൂചിപ്പിക്കുന്നതു്.

പ്രപഞ്ചത്തെ ദൈവമായി ആരാധിക്കുമ്പോൾ മനുഷ്യൻ സ്വയം ദൈവമാണെന്നു് മനസ്സിലാകും എന്നാണ് വേറെ ചിലരുടെ അഭിപ്രായം ഇത്തരത്തിൽ 'സ്വയം ദൈവമായി ഭാവിക്കുന്ന മനുഷ്യൻ തൻെറതന്നെ ശരീരത്തിൻെറ നാഥനായി സ്വയം പ്രതിഷ്ഠിക്കുകയും, സ്വന്തം ശരീരത്തിൻെറ പ്രവണതകളെ അതിജീവിക്കുകയും ചെയ്യുമ്പോഴാണ് തങ്ങളുടെ സ്വാതന്ത്ര്യം പൂർണ്ണമായിത്തീരുന്നതെന്നു് വാദിക്കുകയും ചെയ്യുന്നു. 16 ഇത്തരത്തിൽ മനുഷ്യൻ തൻെറത്തന്നെ ഏററവും സമീപസ്ഥമായ പരിസ്ഥിതിയായ സ്വന്തം ശരീരവും തമ്മിൽ നടക്കുന്ന സംഘർഷമാണ് മനുഷ്യനും തൻെറ സാഹചര്യവും പ്രപഞ്ചവും തമ്മിലുള്ള

ശത്രുതയുടെ അടിസ്ഥാനകാരണമെന്നു് നാം മനസ്സിലാക്കണം. ആത്മാവും ശരീരവും തമ്മിലുള്ള സംഘട്ടനം ഒഴിവാക്കപ്പെടുന്നതു് ശരീരത്തെ ഉന്നതമായ ലക്ഷ്യത്തിനുവേണ്ടി രൂപാന്തരപ്പെടുത്തുമ്പോഴാണ്. ഈ ലക്ഷ്യബോധം കളഞ്ഞുപോകുമ്പോഴാണ് മനുഷ്യൻ പുഴുവായും പാററയായും പട്ടിയായുമൊക്കെ പരിവർത്തനവിധേയനായിപ്പോകുന്നതു്. എന്റെ ശരീരത്തെ, ഞാൻ എന്തുചെയ്യണം എന്നുള്ള ഉദ്ദേശ്യബോധം പരിസ്ഥിതിയുടെ പരിമിതികളെ തകർക്കാൻ മനുഷ്യനെ പ്രകോപിപ്പിക്കുന്നതു്.

എന്നാൽ വേറെ ചിലരാകട്ടെ ഈ രണ്ടു് ആശയഗതികളേയും പരസ്പരം സംയോജിപ്പിക്കാൻ ശ്രമം നടത്തുന്നു. എന്നാൽ ആത്മാവും ശരീരവും തമ്മിലുള്ള ഭേദബോധം ഇല്ലാതാക്കാൻ അങ്ങനെ ഒരു വ്യത്യാസം ഉണ്ടു് എന്നതു് ഒരു വെറും തോന്നൽ മാത്രമാണെന്ന ബോദ്ധ്യം സൃഷ്ടിച്ചുകൊണ്ടു് നിർവ്വഹിക്കാവുന്നതാണെന്ന വാദം യാഥാർത്ഥ്യബോധത്തിനുനേരെ മുഖംതിരിച്ചുപിടിയ്ക്കൽ മാത്രമാണ്.

നിലനിൽക്കുന്ന യഥാർത്ഥാവസ്ഥയിൽ ഇത്തരം ഒരു വൈരുദ്ധ്യം ഉണ്ടെന്നുള്ളതു് നിസ്തർക്കമാണു്. അതിനെ ഇല്ലായ്മ ചെയ്യാനുള്ള ഏകമാർഗ്ഗം ആത്മശരീരങ്ങൾ സർവ്വോന്നതമായ- പരമമായ- ഒരു ലക്ഷ്യത്തിലേക്കു് ഒത്തൊരുമിച്ചു് പ്രയാണം ചെയ്യുക എന്നതു മാത്രമാണ് ഈ ദിശയിലൂടെ സ്വന്തം ചിന്താസരണിയെ സംക്രമിപ്പിക്കാനുള്ള സന്മനസ്സും താല്പര്യവും ശുഷ്കാന്തിയും എല്ലാ മനുഷ്യരിലും ഉടലെടുക്കട്ടെ എന്നു നമുക്കു പ്രത്യാശിക്കാം.

പ്രൊഫ. കെ. എം. ഫ്രാൻസീസ്

# Notes and References

1. Marx K. Letter to Lassale, Selected Correspondence, 1934, P. 135

2. യേശുക്രിസ്തുവിനെകുറിച്ച് ചില പണ്ഡിതന്മാർ ഇപ്രകാരം വിവരിക്കുന്നു. നാല്പതു് പകലും നാല്പതു് രാവും ഉപവസിച്ച യേശുക്രിസ്തു വിശപ്പടക്കാൻ കല്ലുകളെ അപ്പമാക്കാൻ അത്ഭുതം ചെയ്തില്ല. എന്നാൽ മറ്റൊരവസരത്തിൽ അയ്യായിരം പേർക്ക് ഒരു നേരം വിശന്നപ്പോൾ അത്ഭുതം ചെയ്ത് അപ്പം വർദ്ധിപ്പിച്ചു. അവനവന് വിശക്കുമ്പോൾ കരയാതിരിക്കുകയും അപരന് വിശക്കുമ്പോൾ കരയുകയും ചെയ്യുന്ന സ്വഭാവമാണ് യഥാർത്ഥത്തിൽ മനുഷ്യനും മൃഗവും തമ്മിലുള്ള വ്യത്യാസം. അപരനുവേണ്ടി ജീവിക്കുക എന്നതാണ് യഥാർത്ഥ മനുഷ്യസ്വഭാവമെങ്കിൽ ഭൂരിഭാഗം മനുഷ്യരും മനുഷ്യരല്ല മൃഗമാണെന്നു് പറയേണ്ടിവരും.

3. Marx K. Economic and Philosophic Manuscripts of 1844, P. 171, (Moscow) 1982

   "The productive power at mankind's disposal is immeasurable. The productivity of the soil can be increased ad infinitum by the application of capital, labour and Science".

4. പ്രപഞ്ചത്തിന്റെ പ്രകൃതിയെ മൂല്യബോധത്തിന്റെ അടിസ്ഥാനമാക്കുന്ന എപ്പിക്യൂറസ്സിന്റെ ചിന്താധാരയുടെ നിഗമനമാണു് "തിന്നുക കുടിക്കുക ആനന്ദിക്കുക" എന്ന തത്വം. മനുഷ്യന്റെ ജീവിതം മരിക്കുന്നതിനു് മുൻപ് തിന്നു് കുടിച്ചു് ആനന്ദിക്കുവാനുള്ളതാണു് എന്ന ലക്ഷ്യബോധമാണ് ഉപഭോഗസംസ്കാരത്തിന്റെ ഒരു പ്രേരകശക്തി.

5 സ്റ്റാൻലി പി , ജോൺ കെ. പരിസ്ഥിതിക്കു് ഒരു ദൈവശാസ്ത്രം, P. 141, SH League Aluva (1993)

6. Bede Griffith, The Marriage of East and West, P. 39 (1982) Britain.

7. Ibid P. 41
8. Ibid P. 42
9. Ibid P. 156
10. സ്റ്റാൻലി പി., ജോൺ കെ. Opcit P. 162
11. A. N. White head, Process and Reality, Newyork : The Free Press, 1978.
12. Catechism of the Catholic Church, No. 1955
13 ആകാനിരിക്കുന്നവയെ ആയിരിക്കുന്നതുപോലെ കാണുക എന്നതു് ഒരു ശാസ്ത്രീയ സമീപനമാണു്. ഒരു കർഷകൻ ഒരു വാഴയുടെ വിത്തു് കാണുമ്പോൾ അതിലെ ചെളിയോ അഴുക്കോ കാണുന്നില്ല. പ്രത്യുത അതിൽനിന്നു് രൂപംകൊള്ളുന്ന വാഴയും കായകുലയുമാണു് അദ്ദേഹം കാണുക. അതാണു് അവനെ കൃഷിചെയ്യാൻ പ്രേരിപ്പിക്കുന്നതു്. അതുപോലെ ഒരു മനുഷ്യനെ പ്രവത്തിപ്പിക്കാൻ പ്രേരിപ്പിക്കേണ്ട ഘടകം, ഭൗതികശരീരം ആത്മീയശരീരമായി മാറുമ്പോൾ, ആത്മാവും ശരീരവും ഒന്നാകുന്നതിൽനിന്നു് ലഭിക്കുന്ന സന്തോഷത്തിൽ ആയിരിക്കണം. ആത്‌മീയ മനുഷ്യനായി രൂപാന്തരപ്പെടാനുള്ളതാണു് ഓരോ മനുഷ്യനും എന്നതാണു് ഒരു മനുഷ്യന്റെ മൂല്യം. ഇവിടെ ശരീരം ഉരിഞ്ഞുകളയാനുള്ളതല്ല, ഉപഭോഗം ചെയ്യാനുള്ളതല്ല; ആത്‌മാവും ശരീരവും തമ്മിലുള്ള വ്യത്യാസം ഇല്ലാ എന്ന് സങ്കല്പിക്കുന്നതിലല്ല സത്യം കാണുന്നതു്. പ്രത്യുത ആത്മാവും ശരീരവും തമ്മിലുള്ള വ്യത്യാസം അംഗീകരിക്കുകയും, ഭൗതികശരീരത്തെ ആത്മീയ ശരീരമാക്കിക്കൊണ്ടു് അത്തരം ഒരു വ്യത്യാസം ഇല്ലാതാകുന്ന അവസ്ഥ മുൻകൂട്ടി കാണുന്നതിലുമാണു് നാം മനുഷ്യജീവന്റെ ലക്ഷ്യം കാണുകയും ചെയ്യേണ്ടതു്.
14. ജോൺപോൾ 2, സാമൂഹിക ഔൽസുക്യം, 30
15. ജോൺപോൾ 2, സത്യത്തിന്റെ പ്രഭ, 49
16, Ibid, 46, Para 2

# പരിസ്ഥിതിയുടെ
# പരിമിതികൾ

CENTRE FOR FAITH AND DEMOCRACY
Chiyyaram, Thrissur - 26

Rs. 5.00

Indic Digital Archive Foundation
gpura.org